ധാതുമണൽ കള്ളക്കടത്ത്

224 (4215) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധാതുമണൽ അന്യസംസ്ഥാനക്കാരടക്കം വൻതോതിൽ കള്ളക്കടത്ത് നടത്തുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്നും അനധികൃതമായി കരിമണൽ കടത്തുന്നതുമൂലം സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ നഷ്ടം സംഭവിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കരിമണൽ കടത്തുകാരുമായി ബന്ധപ്പെട്ട അധികൃതർ ഒത്തുകളി നടത്തുന്നത് കൊണ്ടാണ് അനധികൃതമായി കോടികളുടെ കള്ളക്കടത്ത് നടത്തുന്നത് തടയാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കരിമണൽ അനധികൃതമായി കടത്തിയവർക്കെതിരെ എടുത്ത നടപടികൾ വിശദമാക്കാമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ശിക്ഷിക്കപ്പെട്ടു ?

ഉത്തരം

(എ) ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖലാ മിനറൽ സ്ക്വാഡ് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ഈ പ്രദേശത്ത് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങുന്ന ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങുന്ന ഒരു സ്ക്വാഡും പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമെ ആഭ്യന്തരവകുപ്പ് ഈ ആവശ്യത്തിലേക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കരിമണൽ കള്ളക്കടത്ത് തടയുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അനധികൃത ഖനനവും കടത്തും ഫലപ്രദമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള മിനറൽ സ്ക്വാഡിലെ ദക്ഷിണമേഖലയിലെയും കൊല്ലം ജില്ലാ ഓഫീസിലെയും ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ആലപ്പാട് പഞ്ചായത്തിൽ അഴിക്കൽ എന്ന സ്ഥലത്തുവച്ച് അനധികൃതമായി കരിമണൽ കയറ്റിവന്ന കെ.എൽ. 23 ബി 2362 വാഹനം പിടിച്ചെടുക്കുകയും കരുനാഗപ്പള്ളി ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ആലപ്പുഴയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രത്യേക സ്ക്വാഡ് 572/2013, 667/13 നമ്പരുകളിലായി അനധികൃത കരിമണൽ കടത്തിന് രണ്ട് കേസുകൾ ഹരിപ്പാട് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

കിനാനൂർ- കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനം

225 (4216) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനത്തിന് ഏതൊക്കെ അപേക്ഷകർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും സ്ഥല വിസ്തൃതി എത്രയാണെന്നും അറിയിക്കാമോ ;

(ബി) ഖനനാനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കിനാനൂർ വില്ലേജിൽ ആശാപുരമൈൻഖേം ലിമിറ്റഡിന് നൽകിയ ഖനനാനുമതി പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ച കാര്യം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ നിലപാടിനെതിരെ നടത്തുന്ന തെളിവെടുപ്പ് നിർത്തിവെക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) (1) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്, പാപ്പിനിശ്ശേരി - സ്ഥല വിസ്തീർണ്ണം- 20.242 ഹെക്ടർ.

(2) എം. രഞ്ജിത്ത് കുമാർ, ജ്യോതി നഗർ, പൊള്ളാച്ചി, - സ്ഥല വിസ്തീർണ്ണം- 01.0117 ഹെക്ടർ എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly